**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 695** **08-10-2024 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ബില്ലുകളിൽ കന്നഡ ഭാഷ ഉൾപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൈദ്യുതി ബില്ലുകൾ ഇപ്പോൾ ഏത് ഭാഷയിലാണ് ഉപഭോക്താക്കൾക്ക് നൽകുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് വൈദ്യുതി ബില്ലുകൾ നിലവിൽ ഉപഭോക്താക്കളുടെ ആവശ്യത്തിനനുസരിച്ച് ഇംഗ്ലീഷ്, മലയാളം എന്നീ ഭാഷകളിലാണ് നൽകിവരുന്നത്.<br><br>സംസ്ഥാനത്ത് എച്ച്.റ്റി./ഇ.എച്ച്.റ്റി. ഉപഭോക്താക്കളുടെ വൈദ്യുതി ബില്ലുകൾ ഇപ്പോൾ ഇംഗ്ലീഷ് ഭാഷയിലാണ് നൽകുന്നത്. |
| (ബി) | ബില്ലുകൾ മലയാളത്തിൽ ആണെങ്കിൽ ഭാഷാ ന്യൂനപക്ഷം അധിവസിക്കുന്ന ജില്ലകളിൽ അവരുടെ മാതൃഭാഷയിൽ വൈദ്യുതി ബില്ലുകൾ നൽകാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഭാഷാ ന്യൂനപക്ഷം അധിവസിക്കുന്ന ജില്ലകളിൽ അവരുടെ മാതൃഭാഷയിൽ വൈദ്യുതി ബില്ലുകൾ നൽകുന്നതിനുള്ള സാദ്ധ്യത കെ.എസ്.ഇ.ബി.എൽ പരിശോധിച്ചുവരുകയാണ്. ഇതിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, കാസർഗോഡ് മണ്ഡലങ്ങളിലെ ഗണനീയമായ വിഭാഗം കന്നഡ ഭാഷ മാത്രം അറിയാവുന്നവരായതിനാൽ ബില്ലുകളിൽ കന്നഡ ഭാഷ കൂടി ഉൾപ്പെടുത്താനുള്ള നടപടികൾക്ക് കെ.എസ്.ഇ.ബി.എൽ തുടക്കം കുറിച്ചിട്ടുണ്ട്. |
| (സി) | കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, കാസർഗോഡ് മണ്ഡലങ്ങളിലെ ഗണനീയമായ വിഭാഗം കന്നട ഭാഷ മാത്രം അറിയാവുന്നവരായതിനാൽ മലയാളത്തിൽ ബില്ലുകൾ നൽകിയാൽ ഇവർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് ബില്ലുകളിൽ കന്നട ഭാഷ കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (സി) | ഭാഷാ ന്യൂനപക്ഷം അധിവസിക്കുന്ന ജില്ലകളിൽ അവരുടെ മാതൃഭാഷയിൽ വൈദ്യുതി ബില്ലുകൾ നൽകുന്നതിനുള്ള സാദ്ധ്യത കെ.എസ്.ഇ.ബി.എൽ പരിശോധിച്ചുവരുകയാണ്. ഇതിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, കാസർഗോഡ് മണ്ഡലങ്ങളിലെ ഗണനീയമായ വിഭാഗം കന്നഡ ഭാഷ മാത്രം അറിയാവുന്നവരായതിനാൽ ബില്ലുകളിൽ കന്നഡ ഭാഷ കൂടി ഉൾപ്പെടുത്താനുള്ള നടപടികൾക്ക് കെ.എസ്.ഇ.ബി.എൽ തുടക്കം കുറിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ